# കോളേജ് ഓഫ് എഞ്ചിനീയറിംഗ് അടൂർ

No. 111/2021/CE Admn　　　　　　　　　　Dated: 11.10.2021

## ക്വട്ടേഷൻ നോട്ടീസ്

ക്വട്ടേഷൻ നമ്പർ - A3/01/2021-22/CEA　　　　　　　　　　Dated: 11.10.2021

കേരള സർക്കാർ സ്ഥാപനമായ ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന അടൂർ എഞ്ചിനീയറിംഗ് കോളേജിലേക്ക് താഴെ പറയുന്ന നിർദ്ദേശ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കോളേജിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ ഇവിടെ എത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ **01.11.2021** മുതൽ ഒരു വർഷത്തേക്ക് കാന്റീൻ നടത്തികൊണ്ടുപോകുന്നതിന് താഴെ പറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കുകളടങ്ങിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**ക്വട്ടേഷൻ തീയതി**　　**12.10.2021**
**അവസാന തീയതി**　　**22.10.2021 - 3.30 pm**
**ക്വട്ടേഷൻ തുറക്കുന്നത്**　　**4.00 pm**

| ക്രമ നമ്പർ | ഇനം | | അളവുകൾ |
|---|---|---|---|
| 1 | ചായ | പാൽ ചേർത്തത് | 125 ml |
| 2 | കാപ്പി | " | 125 ml |
| 3 | ദോശ | | 50 gm കുറയാതെ |
| 4 | ഇഡ്ഡലി | | 50 gm കുറയാതെ |
| 5 | വെള്ളയപ്പം | | 200 gm |
| 6 | അട | | 200 gm |
| 7 | പൂരി 3 എണ്ണം+കറി | | 200 gm |
| 8 | പുട്ട് 1 കഷ്ണം | | 100 gm |
| 9 | കടല, ഉരുളക്കിഴങ്ങ് കറി, ഗ്രീൻപീസ്, തുടങ്ങിയ പ്രത്യേക കറികൾ | ചെറിയ പ്ലേറ്റ് | 150 gm |
| 10 | ഉണ്ണിയപ്പം/പഴംപൊരി/സമൂസ പരിപ്പുവട/ ഉഴുന്നുവട | | 1 |
| 11 | പൊറോട്ട | | 1 |
| 12 | ചപ്പാത്തി | | 1 |
| 13 | മുട്ടക്കറി/മുട്ട റോസ്റ്റ് | | 1 |
| 14 | ഓംലറ്റ് | | 1 കോഴിമുട്ട |
| 15 | കോഴിക്കറി | ചെറിയ പ്ലേറ്റ് | 100 gm |
| 16 | കോഴിക്കറി | വലിയ പ്ലേറ്റ് | 150 gm |
| 17 | ബീഫ് കറി | ചെറിയ പ്ലേറ്റ് | 100 gm |
| 18 | മട്ടൺ കറി | ചെറിയ പ്ലേറ്റ് | 150 gm |
| 19 | മട്ടൺ ഫ്രൈ | ചെറിയ പ്ലേറ്റ് | 100 gm |
| 20 | ചോറ് നല്ല അരി കൊണ്ടുണ്ടാക്കിയത്, കറികൾ മിനിമം മൂന്നെണ്ണം (ഒഴിച്ചു കറി (1 എണ്ണം), ചെറു കറികൾ - (2 എണ്ണം,) അച്ചാർ, പപ്പടം - 1, രസം, മോര് ആവശ്യാനുസരണം, കൊണ്ടാട്ടം) | | ആവശ്യത്തിന് |
| 21 | ശീതളപാനീയങ്ങൾ | | അച്ചടിച്ച വിലയ്ക്ക് |

## കരാർ വ്യവസ്ഥകൾ

1. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് പാചകത്തിൽ പ്രാവിണ്യവും വൃത്തിയും ഉണ്ടായിരിക്കണം. Covid വാക്സിനേഷൻ എടുത്തിരിക്കണം. ഹെൽത്ത് കാർഡ് ഉണ്ടാകണം. മറ്റ് സർക്കാർ നിബന്ധനകളും പാലിച്ചിരിക്കണം.
2. പാചകത്തിനാവശ്യമായ വെള്ളം, വൈദ്യുതി എന്നിവ കാന്റീനിൽ ലഭ്യമാക്കുന്നതാണ്.
3. കാന്റീൻ നടത്തിപ്പിനാവശ്യമായ ഹാൾ, അടുക്കള, അത്യാവശ്യം വേണ്ട കസേരകൾ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്. ഫ്രിഡ്ജ്, ഫ്രീസർ (3 സ്റ്റാറിന് മുകളിലുള്ളവ അഭികാമ്യം) കൊണ്ടുവരേണ്ടതാണ്.
4. പാചകത്തിനാവശ്യമായ ഗ്യാസ്, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മത്സ്യമാംസാദികൾ എന്നിവ മാർക്കറ്റിൽ നിന്നും. ആവശ്യാനുസരണം വാങ്ങേണ്ടതാണ്.
5. കാന്റീനിലെ ഹാളും അടുക്കളയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആഴ്ചയിലൊരിക്കൽ സാനിറ്റയിസ് ചെയ്യേണ്ടതും . സോപ്പ് ഉപയോഗിച്ച് കഴുകേണ്ടതുമാണ്.
6. പാചകം ചെയ്യുമ്പോൾ ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. തിളപ്പിച്ച വെള്ളം/ ഫിൽട്ടർ വാട്ടർ മാത്രമെ കുടിക്കാനായി നൽകാവൂ.
7. വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങൾ തയ്യാറാക്കുന്നതിൽ പ്രവീണ്യമുണ്ടായിരിക്കണം. ഭക്ഷണസാധനങ്ങൾ നിർദ്ദിഷ്ടസമയങ്ങളിൽ നൽകുകയും, വൃത്തിയായി വിളമ്പുകയും വേണം. പഫ്സും ഷവർമയും നിരോധിച്ചിരിക്കുന്നു.
8. കരാറുകാരനും, സഹായികൾക്കും അടുക്കളയിലും ഹാളിലുമല്ലാതെ മറ്റു ഓഫീസ് മുറികളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല.
9. മുകളിൽ പറഞ്ഞിരിക്കുന്ന ആഹാരസാധനങ്ങളുടെ' ഇനം തിരിച്ചുള്ള വിലകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
10. മിച്ചം വരുന്ന ആഹാരസാധനങ്ങൾ/പ്ലാസ്റ്റിക് കവറുകൾ ഒഴിഞ്ഞ കുപ്പികൾ/ചകിരി, ചിരട്ട മുതലായവ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ശുചിത്വ മിഷൻ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്കരിക്കേണ്ടതുമാണ്.
11. ഭക്ഷണത്തിന്റെ ഗുണനിലവാരവും, രുചിയും, സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻതന്നെ കരാർ അവസാനിപ്പിക്കുന്നതാണ്.
12. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ 500/- രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്.
13. കോവിഡ് പ്രോട്ടോക്കോൾ, പ്രാബല്യത്തിലുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുവേണം ആഹാര സാധനങ്ങൾ വിളമ്പേണ്ടത്.
14. പാചകത്തിന് ഗ്യാസ് അടുപ്പ് ഉപയോഗിക്കണം. കാന്റീനിൽ ഇലക്ട്രിക് സ്റ്റവ്, ഇൻഡക്ഷൻ കുക്കർ ഇവ ഉപയോഗിക്കുവാൻ പാടില്ല.
15. കോളേജുമായി ബന്ധമില്ലാത്ത ഭക്ഷണ വിതരണ പ്രവൃത്തികൾ ഒന്നിനും തന്നെ കാന്റീൻ ഉപയോഗിക്കാൻ പാടുള്ളതല്ല.
16. എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് ഈടാക്കുന്നതാണ്.
17. കാന്റീനകത്തുള്ള യൂട്ടിലിറ്റി സെർവീസുകൾ (വാട്ടർ ടാപ്പ്, ലൈറ്റ്, ഫാൻ) എന്നിവ കൈമാറ്റത്തിന് ശേഷം വരുന്ന തകരാറുകൾ കരാറുകാരൻ പൂർണമായും മാറ്റിത്തരേണ്ടതാണ്.

കോൺട്രാക്ട് ഉറപ്പിച്ച് കിട്ടുന്ന ആൾക്ക്, ഉറപ്പിക്കുന്ന ദിവസം തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് **2500/-** രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) പണമായി ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത കരാർ കാലാവധി തൃപ്തികരമായി തീരുന്ന പക്ഷം തുക പലിശയില്ലാതെ മടക്കി കൊടുക്കുന്നതാണ്. കാന്റീൻ കോൺട്രാക്ട് ഉറപ്പിച്ചതായുള്ള വിവരം ലഭിച്ച് 2 ദിവസത്തിനകം സ്വന്തം പേരിൽ വാങ്ങിയ 200 രൂപയുടെ മുദ്രകടലാസിൽ ബന്ധപ്പെട്ട കരാർ എഴുതി സ്ഥാപനമേധാവിയ്ക്ക് നൽകിയിട്ടുവേണം കാന്റീൻ പ്രവർത്തനം തുടങ്ങേണ്ടത്.

പ്രിൻസിപ്പാൾ

PRINCIPAL
College of Engineering
Manakala P.O. Adoor-691551

COLLEGE OF ENGINEERING ADOOR - 691551